# പ്രധാനമന്ത്രി നമീബിയ പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തി (ജൂലൈ 09, 2025)

ജൂലൈ 09, 2025

നമീബിയയിലേക്കുള്ള ഔദ്യോഗിക സന്ദർശനവേളയിൽ, പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്നു വിൻഡ്‌ഹോക്കിലെ ഔദ്യോഗിക വസതിയിൽ നമീബിയ പ്രസിഡന്റ് ഡോ. നെതുംബോ നന്ദി-ൻഡൈെതവയുമായി കൂടിക്കാഴ്ച നടത്തി. ഔദ്യോഗിക വസതിയിൽ എത്തിയ പ്രധാനമന്ത്രിയെ പ്രസിഡന്റ് നന്ദി-ൻഡൈെതവ ഊഷ്മളമായി സ്വീകരിക്കുകയും ആചാരപരമായ വരവേൽപ്പ് നൽകുകയും ചെയ്തു. 27 വർഷത്തിനു ശേഷമാണ് പ്രധാനമന്ത്രി തലത്തിൽ ഇന്ത്യയിൽ നിന്ന് നമീബിയയിലേക്കുള്ള ഈ സന്ദർശനം. ഈ വർഷം മാർച്ചിൽ അധികാരമേറ്റതിന് ശേഷം പ്രസിഡന്റ് നന്ദി-ൻഡൈെതവ ആതിഥേയത്വം വഹിക്കുന്ന ആദ്യ ഔദ്യോഗിക ഉഭയകക്ഷി സന്ദർശനം കൂടിയാണിത്.

2. നമീബിയയുടെ രാഷ്ട്രത്തലവനായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് നന്ദി-ൻഡൈെതവ പ്രധാനമന്ത്രി അഭിനന്ദിച്ചു. ഉഭയകക്ഷിബന്ധങ്ങൾക്ക് അടിവരയിടുന്ന അഭിമാനകരമായ ചരിത്രം ഇരുനേതാക്കളും അനുസ്മരിച്ചു. നമീബിയയുടെ സ്ഥാപക പിതാവ് ഡോ. സാം നുജോമയുടെ വിയോഗത്തിൽ പ്രധാനമന്ത്രി അനുശോചനം രേഖപ്പെടുത്തി. പ്രതിരോധം, സമുദ്ര സുരക്ഷ, ഡിജിറ്റൽ ടെക്നോളജി, UPI, കൃഷി, ആരോഗ്യം, ഫാർമ, ഊർജ്ജം, നിർണായക ധാതുക്കൾ എന്നിവയുൾപ്പെടെ ഉഭയകക്ഷി ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ഇരു നേതാക്കളും ചർച്ച നടത്തി.

3. ഉഭയകക്ഷി വ്യാപാരത്തിലെ വളർച്ചയിൽ സംതൃപ്തി പ്രകടിപ്പിച്ച നേതാക്കൾ, ഈ മേഖലയിലെ മുഴുവൻ സാധ്യതകളും ഇനിയും പ്രയോജനപ്പെടുത്തേണ്ടതുണ്ടെന്നു ചൂണ്ടിക്കാട്ടി. ഇന്ത്യ-SACU PTA ചർച്ചകൾ വേഗത്തിലാക്കണമെന്ന് അവർ ആവശ്യപ്പെട്ടു. നമീബിയയിലെ വിദഗ്ധർക്കുള്ള നൈപുണ്യവികസന പരിപാടികളിലൂടെയും നമീബിയയിൽ ഉൽപ്പാദനസൗകര്യങ്ങൾ സ്ഥാപിക്കുന്നതിൽ പങ്കാളിത്തം തേടുന്നതിലൂടെയും ഇന്ത്യ വികസന സഹകരണ ശ്രമങ്ങൾ വർധിപ്പിക്കുമെന്നു പ്രധാനമന്ത്രി പറഞ്ഞു. കാർഷികം, വിവര സാങ്കേതികവിദ്യ, സൈബർ സുരക്ഷ,

ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, സ്ത്രീശാക്തീകരണം, ശിശുക്ഷേമം എന്നീ മേഖലകളിലെ ദ്രുത സ്വാധീന വികസന പദ്ധതികൾക്ക് ഇന്ത്യയുടെ പിന്തുണ പ്രധാനമന്ത്രി വാഗ്ദാനം ചെയ്തു. കാർഷിക ആവശ്യങ്ങൾക്കായി ഡ്രോണുകൾ ഉപയോഗിക്കുന്നതിൽ ഇന്ത്യയുടെ അനുഭവം പ്രധാനമന്ത്രി പങ്കുവച്ചു. ഇതു നമീബിയക്കും ഗണ്യമായ പ്രയോജനമേകുമെന്ന് അദ്ദേഹം വ്യക്തമാക്കി.

4. ഇന്ത്യയുടെ ചീറ്റ സംരക്ഷണ പദ്ധതിക്കു നമീബിയ നൽകിയ പിന്തുണയ്ക്ക് പ്രധാനമന്ത്രി പ്രസിഡന്റ് നന്ദി-ൻഡൈത്വയ്ക്ക് നന്ദി പറഞ്ഞു. ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസിൽ ചേരാനും അദ്ദേഹം നമീബിയയെ ക്ഷണിച്ചു.

5. ഇരു നേതാക്കളും പരസ്പരം താൽപ്പര്യമുള്ള ആഗോള പ്രശ്നങ്ങൾ ചർച്ച ചെയ്തു. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിലെ ജനങ്ങൾക്ക് നൽകിയ ശക്തമായ പിന്തുണയ്ക്കും ഐക്യദാർഢ്യത്തിനും പ്രധാനമന്ത്രി നമീബിയയ്ക്ക് നന്ദി പറഞ്ഞു. തീവ്രവാദത്തിനെതിരായ ആഗോള പോരാട്ടം ശക്തിപ്പെടുത്താമെന്നും നേതാക്കൾ തമ്മിൽ ധാരണയായി. ഗ്ലോബൽ സൗത്തിന്റെ ശബ്ദം ഉയർത്താൻ ഒരുമിച്ചു പ്രവർത്തിക്കുന്നതിനും അവർ പ്രതിജ്ഞാബദ്ധത അറിയിച്ചു.

6. ചർച്ചകൾക്ക് ശേഷം, ആരോഗ്യ-സംരംഭകത്വ മേഖലകളിലെ രണ്ടു ധാരണാപത്രങ്ങൾ നേതാക്കൾ കൈമാറി. കൂടാതെ, ദുരന്തനിവാരണ അടിസ്ഥാനസൗകര്യ സഖ്യം, ആഗോള ജൈവ ഇന്ധന സഖ്യം എന്നിവയിൽ നമീബിയ ഭാഗമായതായും പ്രഖ്യാപിച്ചു, UPI ടെക്നോളജി സ്വീകരിക്കുന്നതിന് ലൈസൻസിംഗ് കരാറിൽ ഏർപ്പെടുന്ന ആദ്യ രാജ്യമാണ് നമീബിയയെന്നും പ്രഖ്യാപനമുണ്ടായി.

7. പ്രസിഡന്റ് നന്ദി-ൻഡൈത്വ പ്രധാനമന്ത്രിയോടുള്ള ആദരസൂചകമായി വിരുന്ന് സംഘടിപ്പിച്ചു. സൗകര്യപ്രദമായ സമയത്ത് ഇന്ത്യ സന്ദർശിക്കാൻ പ്രധാനമന്ത്രി നമീബിയ പ്രസിഡന്റിനെ ക്ഷണിക്കുകയും ചെയ്തു.

വിൻഡ്ഹോക്ക്

**ജൂലൈ 09, 2025**